# കേരള പബ്ലിക് സർവീസ് കമ്മീഷൻ

നമ്പർ: എസ്റ്റാ. I(3)45/10 /ഗ.വി　　　　　　　　　　　തിരുവനന്തപുരം,
തീയതി: 01.07.2014

## <u>പരസ്യം</u>

കേരള പബ്ലിക് സർവീസ് കമ്മീഷന്റെ ഉടമസ്ഥതയിലുള്ളതും ഒരു അപകടത്തിൽപ്പെട്ടതുമായ KL-01-AD-8918 ടെമ്പോ ട്രാവലർ ഗുഡ്സ് വാഹനം (2004 മോഡൽ) ഇന്നു കാണുന്ന അവസ്ഥയിൽ ക്വട്ടേഷൻ മുഖേന വിൽക്കുന്നു. ടി വാഹനത്തിന് PWD നിശ്ചയിച്ചിട്ടുള്ള ഏറ്റവും കുറഞ്ഞ തുക 50,000/- (അമ്പതിനായിരം) രൂപയാണ്.

<u>നിബന്ധനകൾ:-</u>

1) ടി വാഹനം വാങ്ങാൻ താൽപര്യമുള്ളവർക്ക് പ്രവൃത്തിദിവസങ്ങളിൽ ആഫീസ് സമയത്ത് പട്ടത്ത് കേരള പബ്ലിക് സർവീസ് കമ്മീഷൻ ആസ്ഥാന ആഫീസ് കോമ്പൗണ്ടിൽ വന്ന് വാഹനം പരിശോധിക്കാവുന്നതാണ്.

2) ടി വാഹനം വാങ്ങുവാൻ ആഗ്രഹിക്കുന്നവർ മുദ്രവച്ച ക്വട്ടേഷനുകൾ 'സെക്രട്ടറി, കേരള പബ്ലിക് സർവീസ് കമ്മീഷൻ, പട്ടം, തിരുവനന്തപുരം' എന്ന വിലാസത്തിൽ **<u>17.07.2014 വ്യാഴാഴ്ച 1 p.m</u>** നകം ഈ ആഫീസിൽ ലഭിക്കത്തക്കവിധം അയയ്ക്കേണ്ടതാണ്.

3) ക്വട്ടേഷനുകൾ സമർപ്പിക്കുന്നവർ നിരതദ്രവ്യമായ 10,000/- രൂപ 'സെക്രട്ടറി, കേരള പബ്ലിക് സർവീസ് കമ്മീഷൻ, പട്ടം, തിരുവനന്തപുരം' എന്ന പേരിൽ തിരുവനന്തപുരത്ത് മാറാവുന്ന വിധം ഡിമാന്റ് ഡ്രാഫ്റ്റായി ക്വട്ടേഷനോടൊപ്പം നൽകേണ്ടതാണ്.

4) ഡിമാന്റ് ഡ്രാഫ്റ്റ് ഇല്ലാത്ത ക്വട്ടേഷനുകൾ പരിഗണിക്കുന്നതല്ല.

5) ക്വട്ടേഷൻ ഉൾക്കൊള്ളുന്ന കവറിനുമുകളിൽ 'വാഹനം വാങ്ങാനുള്ള ക്വട്ടേഷൻ' എന്ന് പ്രത്യേകം എഴുതിയിരിക്കണം.

6) നിശ്ചിത സമയത്തിനുശേഷം ലഭിക്കുന്ന ക്വട്ടേഷനുകൾ പരിഗണി ക്കുന്നതല്ല.

7) ക്വട്ടേഷൻ സമർപ്പിക്കുന്നവർ തങ്ങളുടെ ഏതെങ്കിലുമൊരു അംഗീകൃത ഫോട്ടോ പതിച്ച തിരിച്ചറിയൽ രേഖയുടെ ശരിപ്പകർപ്പ് ക്വട്ടേഷനോടൊപ്പം ഉള്ളടക്കം ചെയ്യേണ്ടതാണ്.

8) **<u>17.07.2014 വ്യാഴാഴ്ച</u>** 3 മണിയ്ക്ക് ക്വട്ടേഷനുകൾ തുറക്കുന്നതും കൂടുതൽ തുക രേഖപ്പെടുത്തിയിട്ടുള്ള വ്യക്തിക്ക് ക്വട്ടേഷൻ ഉറപ്പിക്കുന്നതുമാണ്. മറ്റുള്ളവർക്ക് നിരതദ്രവ്യമായ 10,000/- രൂപയുടെ ഡിമാന്റ് ഡ്രാഫ്റ്റ് മടക്കി നൽകുന്നതാണ്.

9) അംഗീകരിയ്ക്കപ്പെട്ട ക്വട്ടേഷൻ സമർപ്പിച്ച വ്യക്തി നിരതദ്രവ്യം കഴിച്ച് ക്വട്ടേഷനിൽ രേഖപ്പെടുത്തിയിട്ടുള്ള ബാക്കി തുക ഈ ആഫീസിൽ അടച്ച് രസീത് വാങ്ങേണ്ടതും, ലേലത്തിൽ പിടിച്ച തീയതിമുതൽ 3 ദിവസത്തിനകം ടി വാഹനം ആഫീസ് കോമ്പൗണ്ടിൽ നിന്നും നീക്കം ചെയ്യേണ്ടതുമാണ്.

10. കേരള പബ്ലിക് സർവീസ് കമ്മീഷൻ ആഫീസിൽ സ്ഥിരമോ താൽക്കാലികമോ ആയി ജോലിനോക്കുന്നവർ ക്വട്ടേഷൻ നടപടികളിൽ പങ്കാളികളാവാൻ പാടുള്ളതല്ല.

11. ക്വട്ടേഷൻ സ്ഥിരപ്പെടുത്താനോ റദ്ദാക്കുവാനോ ഉള്ള അധികാരം കേരള പബ്ലിക് സർവീസ് കമ്മീഷൻ സെക്രട്ടറിയിൽ നിക്ഷിപ്തമായിരിക്കുന്നതും സെക്രട്ടറിയുടെ തീരുമാനം അന്തിമമായിരിക്കുന്നതുമാണ്.

12. ലേലം കൊള്ളുന്നവർ ലേല നിബന്ധനകൾ പാലിക്കാത്തപക്ഷം നിരത ദ്രവ്യം മടക്കി നൽകുന്നതല്ല.

13. ലേലത്തുകയോടുകൂടി 0.5% VAT-ഉം അതിന്റെ 1% cess-ഉം കൂടി ഒടുക്കേണ്ടതാണ്.

14. ക്വട്ടേഷൻ സമർപ്പിക്കേണ്ട അവസാന ദിവസമായ 17.07.2014 ഏതെങ്കിലും കാരണത്താൽ അവധിയാകുന്ന പക്ഷം തൊട്ടടുത്ത പ്രവൃത്തി ദിവസം ഇതേ സമയം അവസാനതീയതിയായി കണക്കാക്കുന്നതായിരിക്കും.

15. കൂടുതൽ വിവരങ്ങൾക്ക് 0471-2546250, 0471-2546224, 0471-2546219, 0471-2553623 എന്നീ നമ്പരുകളിൽ ബന്ധപ്പെടേണ്ടതാണ്.

**Sd/-**

**പി.സി.ബിനോയ്**

**സെക്രട്ടറി**

**കേരള പബ്ലിക് സർവീസ് കമ്മീഷൻ**